

Kerala Infrastructure and Technology for Education

# പാലോറ

## ഹയർ സെക്കണ്ടറി സ്കൂൾ, ഉള്ളിയേരി

palorahss@gmail.com, Tel: 04952652222

Kerala Infrastructure and Technology for Education
Presents

# PALORA

## HSS, ULLIYERI

LITTLE KITES Digital Magazine

# 18 to 19



18 to 19

PALORA
HSS, ULLIYERI
LITTLE KITES Digital Magazine



മറക്കില്ല..
## ഈ സ്നേഹം

TEAM

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PALORA

# 18 to 19

മറക്കില്ല..
## ഈ കരുതൽ



Children's books laid out to dry after the flood subsided in Chalakudy. This town in Thrissur was badly affected by the floods

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

‘Little KITEs’ IT Clubs is an unique initiative of KITE, which feature over 1 lakh student members.
The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’. Little KITEs is set to become the largest Student IT Network in the Country. Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

## Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and

upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

18 to 19
PALORA
HSS, ULLIYERI
LITTLE KITES Digital Magazine

## എഡിറ്റോറിയൽ ബോർഡ്


1.അഭിനവ് കെ നായർ

2. മുഹമ്മദ് യാസിർ

3 ആൽവിൻ എ.കെ

4. ഫാത്തിമ ഷെറിൻ എസ്.കെ

5 ചന്ദനമോഹൻ പി.ആർ

6. നെഹല ഫാത്തിമ കെ.പി

7. ഹിഫാസ് ഹക്കിം






S.Sheeba
Head Mistress
PALORA

നമ്മുടെ വിദ്യാഭ്യാസം അനുദിനം മാറിക്കൊണ്ടിരിക്കുന്ന
ഈ കാലത്ത് കുട്ടികൾക്ക് വിജ്ഞാനം വിരൽതുമ്പിൽ
എത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന
ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ സംരംഭത്തിന്
എല്ലാവിധ ആശംസകളും

പാലോറ
ഉള്ളിയേരി
2019 ജനുവരി 20

ഷീബ.എസ്
പ്രധാനാധ്യാപിക
പാലോറ

18 to 19
PALORA
HSS, ULLIYERI
LITTLE KITES Digital Magazine



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# പാലോറ ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം

കുട്ടികൾക്ക് ഐ ടി രംഗത്ത് കൂടുതൽ കരുത്ത് ആർജ്ജിക്കുക
എന്ന വലിയ ആശയവുമായി ലിറ്റിൽ കൈറ്റ്സ് പദ്ധതി പാലോറയിലും
ഒരു ദിവസത്തെ പരിശീലനത്തോടെ തുടക്കമായി.
2018 ആഗസ്ത് 4 ശനിയാഴ്ച കൃത്യം 9.30 ന് തുടങ്ങിയ ക്യാമ്പ്
കൊളത്തൂർ ഹയർ സെക്കണ്ടറിലെ മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

സ്കൂൾ പ്രധാനാധ്യാപിക ഷീബ.എസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ
രാമൻ നമ്പൂതിരി സ്വാഗതവും,സതീഷ് കുമാർ ആശംസയും,
എം.ദിവ്യ നന്ദിയും പറഞ്ഞു.35 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.






ആഗ്നാദാസ്- 10 ബി

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

18 to 19
PALORA
HSS, ULLIYERI
LITTLE KITES Digital Magazine



SPC

# എന്നെ മാറ്റിയ.. എന്നെ ഞാനാക്കിയ

വിഷ്ണുപ്രിയ എം.കെ
10.C

ഞാൻ വിഷ്ണുപ്രിയ.എം.കെ. 10ാം ക്ലാസിൽ പഠിക്കുന്നു. എല്ലാവരെയും പോലെ സാധാരണയിൽ സാധാരണയായി 8ാം ക്ലാസിൽ പാലോറയിലേക്ക് വന്ന സമയത്തായിരുന്നു എസ്.പി.സി. പാലോറയിൽ തുടങ്ങുന്നെന്ന് അറിഞ്ഞത്. അപ്രതീക്ഷിതമായി എൻെറ ഫ്രണ്ടിൻെറ നിർബന്ധപ്രകാരം മനസ്സില്ലാമനസ്സോടെയാണ് ഞാൻ ഫിസിക്കൽ ടെസ്റ്റിൽ പങ്കെടുത്തത്. ഇങ്ങനെ അപ്രതീക്ഷിതമായി താത്പര്യമില്ലാതെയാണ്  പാലോറ.എച്ച്.എസ്.എസ്, എസ്.പി.സി. യൂണിറ്റിലെ ഫസ്റ്റ് ബാച്ചിലെ ഒരു അംഗത്വം എനിക്ക് ദൈവം സമ്മാനിച്ചത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

എസ്.പി.സി യിൽ ചേരുന്നതുവരെ എൻെറ ആഗ്രഹങ്ങൾക്കൊന്നുംതന്നെ ചിറകുകൾ ഉണ്ടായിരുന്നില്ല. പ്രത്യേകിച്ച് ലക്ഷ്യങ്ങളും ഉണ്ടായിരുന്നില്ല. എനിക്ക് എന്നിൽതന്നെ ഒരു വിശ്വാസമോ, ആത്മാഭിമാനമോ ഉണ്ടായിരുന്നില്ല. എന്നാൽ എസ്.പി.സി. കേഡറ്റ് ആയതോടെ ഔട്ട്ഡോറും ഇൻഡോറും ആയിട്ടുള്ള ക്ലാസുകളിൽ നിന്നും, പരേഡിൽ നിന്നും, വ്യായാമങ്ങളിൽ നിന്നും എൻെറ ജീവിതത്തിൽ ഒരു ചിട്ട വന്നതുപോലെ, ഒരു ദിനചര്യ ഞാൻ അറിയാതെ എന്നിൽ രൂപപ്പെട്ടു. എൻെറ ആഗ്രഹങ്ങൾക്കും ലക്ഷ്യങ്ങൾക്കും ചിറകുകൾ പതിയെ മുളയ്ക്കാൻ തുടങ്ങി. എസ്.പി.സി. യുടെ മഹത്വം പതിയെ മനസ്സിലാക്കിവന്ന ഞാൻ 9ാം ക്ലാസിൽ പരേഡ് കമാൻറർ ആയി. ഈ അവസരത്തിലാണ് ജില്ലാ ക്യാമ്പിലേക്ക് എട്ട് കുട്ടികളിൽ ഒരാളായി എനിക്ക് സെലക്ഷൻ ലഭിച്ചത്. എൻെറ ജീവിതത്തിലെ നല്ല മുഹൂർത്തമെന്ന് ഞാൻ വിശ്വസിക്കുന്ന ഒരു കാര്യമാണ്, ഈ ക്യാമ്പിൽ 32 സ്കൂളുകളടങ്ങുന്ന ഒരു പ്ലടൂൺ നയിക്കാൻ എനിക്കവസരം ലഭിച്ചത്.

തുടർന്നുള്ള സ്റ്റേറ്റ് ക്യാമ്പിൽ നിന്നാണ് ഞാൻ ഞാനായി മാറിയതും ഒരു കാഡറ്റ് എന്ന നിലയിൽ ഞാനാദ്യമായി എന്നിൽത്തന്നെ അതിയായി അഭിമാനിക്കപ്പെട്ടതും. കഠിനമായ ഒരു ട്രെയിനിങ്ങ് തന്നെയായിരുന്നു 10 ദിവസം നീണ്ടുനിന്ന തിരുവനന്തപുരത്ത് നടന്ന ആ ക്യാമ്പ്. അവിടെ 600 പേരിൽ ഓരോരുത്തരും ചേഞ്ച് ലീഡേർസ് ആയിരുന്നു. ചേഞ്ച് ലീഡേർസ് മീറ്റ് എന്ന ആ ക്യാമ്പിൻെറ പേരിൻെറ അർഥം എനിക്ക് 10ാം ദിവസത്തിനുള്ളിൽ മനസ്സിലായിരുന്നു. അവസാന ദിവസം ബഹു.മുഖ്യമന്ത്രി പിണറായി വിജയനും മറ്റു പ്രമുഖരായ എസ്.പി.സി. യുടെ പിതാവായ വിജയൻ ഐ.പി.എസും അതുപോലെ ലോക്നാഥ് ബെഹ്റ, എന്നിവരടക്കമുള്ള വ്യക്തികളുടെ മുമ്പിൽ മനോഹരമായി അലങ്കരിച്ച ആ ഗ്രൗണ്ടിൽ പ്രൗഢഗംഭീരമായ നിമിഷത്തിൽ, നിശബ്ദമായ കാറ്റ് ചുറ്റുമുള്ള പലവർണ്ണത്തിലുള്ള കൊടികളിലൂടെയും നിരത്തിവെച്ച മുത്തുക്കുടകളുടെയും മേൽ തഴുകുമ്പോൾ, കുടകളിൽ നിന്നും ലോഹത്തകിടുകൾ തമ്മിൽ കൂട്ടിയിടിക്കുന്ന ആ നാദം വരെ എൻെറ കർണങ്ങളിൽ മുഴങ്ങിയിരുന്നു. ആ നിമിഷത്തിൽ അഭിമാനം കൊണ്ടും അടക്കാനാവാത്ത സന്തോഷം കൊണ്ടും എൻെറ കണ്ണുകൾ നിറഞ്ഞിരുന്നു. ആ സമയത്ത് ഞാൻ ഒരു ഡയമണ്ട് പോലെയായി എനിക്ക് തോന്നി. ആ നിമിഷം മുതൽ ഈ നിമിഷം വരെ എൻെറ മനസ്സിൽ എസ്.പി.സി. പകർന്നുതന്ന ഒരു തീപ്പൊരി എൻെറ ലക്ഷ്യത്തിനുനേരെ കുതിക്കുന്നുണ്ട്. `യെസ്, ഐ വാണ്ട് ടു ബികം എൻ ഐ.പി.എസ് ഓഫീസർ`.

ചരിത്രങ്ങൾ ചുംബിച്ച പാലോറ.എച്ച്.എസ്.എസിൽ നിന്നാണ് ഇതിൻെറയെല്ലാം വിത്തെറിയപ്പെട്ടത്. എസ്.പി.സി. പാസിങ് ഔട്ട് പരേഡ് കഴിഞ്ഞുനിൽക്കുന്ന ഞാൻ പിന്നിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ലഹരിവിരുദ്ധത്തിനും, പ്ലാസ്റ്റിക്കിനെതിരെയും, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ദിനാചാരങ്ങളിലുമെല്ലാം ചെയ്ത ഓരോ പ്രവർത്തികളും ആലോചിക്കുമ്പോൾ സമൂഹനന്മയ്ക്കായി പ്രവർത്തിക്കാൻ എന്നെക്കൊണ്ടു കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെക്കൊണ്ടുമാത്രമല്ല എൻെറ എസ്.പി.സി. യൂണിറ്റിലെ ഓരോ കുട്ടിക്കും കഴിഞ്ഞിട്ടുണ്ട്.

പ്രകൃതിയുടെ മടിത്തട്ടിൽ കിടന്നുറങ്ങുന്ന ഒരു പൂവായ പാലോറ.എച്ച്.എസ്.എസിൽ നിന്നും, ഒരു വണ്ടായി മധുവൂറും തേൻ നുകരാൻ എന്നെക്കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതിന് എസ്.പി.സി. ഒരു നിമിത്തമായി എന്നെ സഹായിച്ചു. നന്ദി പറയുമ്പോൾ ആദ്യം ഞാൻ പറയാനാഗ്രഹിക്കുന്ന പേര്, എന്നെ എസ്.പി.സി.യിലേക്ക് കൂട്ടിക്കൊണ്ടുവന്ന എൻെറ ഫ്രണ്ട് ആഘ്ന ദാസിനാണ്. പിന്നീട് എൻെറ രക്ഷിതാക്കൾക്കും, ഞങ്ങളുടെ ഓരോ ക്യാമ്പും വിജയകരമാക്കിയ മറ്റ് രക്ഷിതാക്കൾക്കും എല്ലാത്തിനുമുപരി, `വി കാൻ` എന്നു പറഞ്ഞ ഇൻസ്ട്രക്ടേഴ്സായ പീതാംബരൻ സർ, ഫസലുന്നീസ ടീച്ചർ, ധനേഷ് മാസ്റ്റർ എന്നിവർക്കും എന്നെ സഹായിച്ച മറ്റ് പോലീസ് ഉദ്യോഗസ്ഥർക്കും ഞാൻ നന്ദി പറയാനാഗ്രഹിക്കുകയും, ബഹുമാനത്തോടെ അവരെ ഓർക്കുകയും ചെയ്യുന്നു.





അനൂന പി.കെ
10.B

# ചില്ലുറാന്തൽ

സൂര്യാംശദീപ്തിയിൽ മുങ്ങിക്കുളിച്ചൊരാ
പുലർകാലമേ നീ എൻ
ജനലഴിപ്പാളികൾ തള്ളിത്തുറന്നതെന്തിനോ...
എരിഞ്ഞുതീർന്നൊരെൻ ജീവനിൽ തിരിനാള
മൂതിക്കെടുത്താനോ...
എരിയാതെ ബാക്കിവെച്ചൊരെൻ സ്വപ്നങ്ങളെല്ലാം
തല്ലിത്തകർക്കാനോ...

രാത്രിതൻ നിദ്രയിലഭയം തേടുന്നുഞാൻ.
ഭയമാണെനിക്കിന്നു സൂര്യനും പുലരിയും.
അന്ധകാരത്തേക്കാൾ ഭയാനകം നിൻ
ദീപ്തിയും ശോഭയും.

ചില്ലുറാന്തൽ വിളക്കുപോൽ
ശോഭിച്ചീടാൻ കൊതിച്ചു ഞാൻ.
വരുംകാലമെങ്കിലും നിൻ
ദീപ്തിയിലലിയാൻ കൊതിച്ചു ഞാൻ.





# മരമായി മാറിയ വനദേവത

ദേവപ്രിയ എം.എം
9.B

വീടിനടുത്തുള്ള പാർക്കിൽ ചുമ്മാ നടക്കാനിറങ്ങിയതാണ് അലനും അവൻെറ പപ്പായും. കാറ്റുകൊണ്ട് മരത്തണലിലൂടെ നടക്കുന്നതിനിടെ അലൻ ചോദിച്ചു :'പപ്പാ, ഇന്നലെ രാത്രി അമ്മൂമ്മ എനിക്ക് വനദേവതയുടെ ക!ഥ പറഞ്ഞുതന്നു. ഈ വനദേവതമാരൊക്കെ ഇപ്പോഴുമുണ്ടോ ?

അലൻെറ ചോദ്യം കേട്ട് പപ്പ ചിരിച്ചുകൊണ്ട് പറഞ്ഞു: 'നാം ആവശ്യപ്പെടുന്നതെന്തും നൽകുന്ന 'ഫെയറി'കളാണ് വനദേവതമാർ. അവർ കഥകളിൽ മാത്രമേയുള്ളൂ. എന്നാൽ വേഷം മാറിയ വനദേവതമാർ ഇന്നും നമുക്കു ചുറ്റിലുമുണ്ട്.

'ങ്!ഹേ! എവിടെ?' അദ്ഭുതത്തോടെ അലൻ ചോദിച്ചു.

'ദാ, ഇവിടെത്തന്നെ. നാം ഇപ്പോൾ നിൽക്കുന്നത് അങ്ങനെയൊരു 'വനദേവത'യുടെ ചുവട്ടിലാണ്.

തൊട്ടടുത്തുള്ള മരത്തിലേക്ക് സൂക്ഷിച്ചുനോക്കിക്കൊണ്ട് അലൻ പറഞ്ഞു: 'ഐ കാണ്ട് സീ എ ഫെയറി ഹിയർ. ഇതൊരു ചക്കമരമല്ലേ?

അതെ. അതുതന്നെ. ഒർഥത്തിൽ കഥകളിലെ വനദേവതമാർ നൽകുന്നത്രയും വരങ്ങൾ പ്ലാവ് എന്ന ഈ മരം നമുക്കു തരുന്നുണ്ട്. എന്നാൽ, ഇന്ന്
അതൊന്നും പലരും തിരിച്ചറിയുന്നില്ലെന്നുമാത്രം!'

ആരോഗ്യവും ആയുസ്സുമാണല്ലോ ഒരു മനുഷ്യന് കിട്ടാവുന്ന ഏറ്റവും അമൂല്യമായ വരങ്ങൾ. ആധുനികകാലത്തെ മനുഷ്യൻ ഇതിനൊപ്പം 'ധനം' എന്നു
കൂടി പറയുമായിരിക്കും. ഇവ മൂന്നും നൽകുന്ന മരമാണ് പ്ലാവ്. ശരീരത്തിനുവേണ്ട പല പോഷകങ്ങളും ഉയർന്ന അളവിൽ അടങ്ങിയിരിക്കിന്ന ചക്കയിൽ, കാൻസർ
അടക്കമുള്ള രോഗങ്ങളെ പ്രതിരോധിക്കാനുള്ള ഘടകങ്ങളുണ്ട്. ചക്കയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വിറ്റ് വൻലാഭമുണ്ടാക്കുന്ന കമ്പനികൾ ഇന്ന് നമ്മുടെ നാട്ടിൽ
പ്രവർത്തിക്കുന്നു.

ഇനി പറയൂ, വേരുതൊട്ട് ഇലവരെ, ചക്കതൊട്ട് ചക്കക്കുരുവരെ സർവത്ര ഉപകാരപ്രദമായ ഈ മരം, മരമായി വേഷം മാറിയ സാക്ഷാൽ വനദേവത
തന്നെയല്ലേ ?





സഹപാഠിയായ
ദേശീയതാരത്തെക്കുറിച്ച്
വാർത്തയൊരുക്കി
## ലിറ്റിൽ കൈറ്റ് പാലോറ






# പ്രളയാന്തരം
## എന്റെ സ്വപ്നം..













## മുഴുവൻ കുട്ടികളുടെയും
# സ്വപനം ചിത്രങ്ങളായി
## 2018 NOVEMBER 1

